# നീര ഉൽപാദനം ഈ വർഷം മുതൽ – മന്ത്രി ബാബു

കൊച്ചി: സംസ്ഥാനത്ത് ഈ വർഷം മുതൽ നീര ഉൽപാദനം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചതായി മന്ത്രി കെ.ബാബു പറഞ്ഞു.

14 ജില്ലകളിലും 1500 തെങ്ങ് വീതമുള്ള ഓരോ യൂനിറ്റിലാണ് തുടക്കത്തിൽ നീര ഉൽപാദിപ്പിക്കുക.

തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ രണ്ട് യൂനിറ്റ് വീതവും ചെത്തും. ഈ മൂന്ന് ജില്ലകളിൽ നിലവിലെ ചെത്തു തൊഴിലാളികളെ ഉപയോഗിച്ചാകും തെങ്ങ് ചെത്തുകയെന്നും മന്ത്രി പറഞ്ഞു.

. നീര ഉൽപാദനത്തിന് ചെത്തുതൊഴിലാളികളെ ലഭിക്കാതായാൽ കേന്ദ്ര സർക്കാർ സ്ഥാപനമായ നാളികേര വികസന ബോർഡ് പരിശീലനം നൽകിയ ടെക്നീഷ്യൻമാരെ ഉപയോഗിക്കും. അവർ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകണമെന്ന വ്യവസ്ഥയുമുണ്ടാകും. ചെത്തുതൊഴിലാളികളെ വിശ്വാസത്തിലെടുത്ത് മാത്രമേ നീര ഉൽപാദനം നടത്തൂവെന്നും അദ്ദേഹം പറഞ്ഞു.